LIBRARY ARCHIVES Kerala Legislative Assembly

എന്നതിന് പകരം വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല എന്ന സ്ഥലത്ത് V.C.B-Cum-tractor way നിർമ്മാണം എന്ന പേരിലേക്ക് മാറ്റുന്നതിനായി DSR 2018 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റും ഡ്രോയിംഗും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രളയഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ

217 (963) ഡോ. എം.കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയഭീഷണി നേരിടുന്നതിന് കൂടുതൽ ഡാമുകൾ ആവശ്യമാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

(എ & ബി) ഉണ്ട്. 2018-19- ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട നദീതടങ്ങളിൽ പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രാഥമിക സാധ്യതാപഠനം (Hydrological Feasibility Study) നടത്തിയിട്ടുണ്ട്.

(സി) എങ്കിൽ എവിടെയെല്ലാം പുതിയ ഡാമുകൾ പണിയുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

പെരിയാർ, ചാലക്കുടി, ചാലിയാർ, അച്ചൻകോവിൽ - പമ്പ, മീനച്ചിൽ എന്നീ നദീതടങ്ങളിൽ ഡാമുകൾ പണിയുന്നതിനായി പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്.

ഡാമുകളുടെ സുരക്ഷിതത്വം

218(964) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഡാം സേഫ്റ്റി അതോറിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഏതൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഡാം സേഫ്റ്റി അതോറിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

വാളയാർ ഡാം ഇറിഗേഷൻ കനാലുകളുടെ നവീകരണം

219(965) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വാളയാർ ഡാം ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി 2016 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിലെ വാളയാർ ഡാം ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി 2016 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ ആകെ 8,30,27,450 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും ഭരണാനുമതി തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

പാലായിലെ മിനി ഡാം റെഗുലേറ്റർ-കം -ബ്രിഡ്ജ് നിർമ്മാണം

220(966) ശ്രീ. മാണി. സി. കാപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരം മിനി ഡാം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതിയും നിജസ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരം മിനി ഡാം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി പുനർദർഘാസ് നടത്തി പൂർത്തീകരിക്കുവാൻ 16-2-2021-ലെ സ.ഉ(സാധാ) നമ്പർ 117/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.